**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1464** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മുതിർന്ന പൗരന്മാരുടെ പരിചരണം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. സി. ആർ. മഹേഷ് | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. ദീപക് ജോയ് | (മുഖ്യമന്ത്രി) |
| ശ്രീ. എഫ്. രാജ | |
| ശ്രീ. കെ. ബിനിമോൻ | |

**(എ)** മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും പരിചരണത്തിനുമായി പുതിയൊരു സംവിധാനം യാഥാർത്ഥ്യമാക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും പരിചരണത്തിനുമായി സംസ്ഥാനത്ത് വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി, സർക്കാർ നയരേഖകൾ രൂപീകരിച്ചുകൊണ്ടും ആവശ്യമായ സ്ഥാപനങ്ങൾ, വ്യയശേഷി നേടാനുതകുന്ന സാമ്പത്തിക സഹായം, സംരംഭകത്വം, വയോജനങ്ങളുടെ വൈദഗ്ധ്യം എന്നിവ ഉൾപ്പെടുന്ന 'സിൽവർ ഇക്കോണമി' വികസിപ്പിക്കും. വയോജന സേവനം, റിട്ടയർമെന്റ് ഇൻഫ്രാസ്ട്രക്ചർ, വാർദ്ധക്യകാല ആരോഗ്യ പരിപാലന രംഗത്തെ നവീന കണ്ടുപിടിത്തങ്ങൾ, സിൽവർ സംരംഭകത്വം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു സമാഹൃത സിൽവർ ഇക്കോണമിക് പോളിസി വികസിപ്പിച്ച് നടപ്പിലാക്കും. ഈ സംരംഭത്തിന്റെ നടപ്പാക്കൽ മുൻഗണനകളെയും പ്രവർത്തന രീതികളെയും കുറിച്ച് മുതിർന്ന പൗരന്മാരുടെ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി സംസ്ഥാനവ്യാപകമായി സമഗ്രമായ ഒരു സർവേ സർക്കാർ നടത്തും. അതിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി കേരളത്തിലെ വയോജനങ്ങളെ സജീവരാക്കുന്നതിനും സിൽവർ ഇക്കോണമി വികസനത്തിനുമായി ദീർഘകാല റോഡ് മാപ്പ് തയ്യാറാക്കുന്നതാണ്. വയോജനങ്ങളെ അവരുടെ സ്വന്തം വീടുകളിലും കുടുംബ-സാമൂഹിക പരിസരങ്ങളിലും സുരക്ഷിതമായും അന്തസ്സോടെയും ജീവിക്കാൻ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സിൽവർ ഇക്കോണമിയുടെ ഭാഗമായി സ്വീകരിക്കുന്നതാണ്.

വിട്ടുമാറാത്ത രോഗങ്ങൾ അല്ലെങ്കിൽ വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ, വൈകല്യങ്ങൾ എന്നിവ നേരിടുന്നവരെ സഹായിക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലനം നല്കുന്നതിന് സർക്കാർ അംഗീകാരത്തോടെയുള്ള അന്താരാഷ്ട്ര നിലവാരമുള്ള കെയർ-ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കും. ഇതിലൂടെ ആവശ്യമുള്ളവർക്ക് പരിചരണവും തൊഴിൽരഹിതരായ യുവജനങ്ങൾക്ക് മാന്യമായ തൊഴിലും ലഭ്യമാകും. മുതിർന്ന പൗരന്മാരെ സജീവമാക്കുന്നതിന് വയോജന പാർക്കുകളും പകൽ വീടുകളും ഫിറ്റ്നെസ് സെന്ററുകളും ഒരുക്കുന്നതാണ്.

വയോജന വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 2026-27 ലെ പുതുക്കിയ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി)** വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്നവരുടെ ക്ഷേമ വിവരങ്ങൾ അന്വേഷിക്കാനും ഭക്ഷണം, മരുന്ന് തുടങ്ങിയവ ഉറപ്പാക്കാനുമുള്ള വിപുലമായ പരിചരണ സംവിധാനമാണോ പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മുതിർന്നവരോടുള്ള അതിക്രമങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; രാജ്യത്തെ ഏറ്റവും മികച്ച വയോജന സൗഹൃദ സമൂഹമാക്കി കേരളത്തെ മാറ്റാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മുതിർന്നവരോടുള്ള അതിക്രമങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം, 2007 (Maintenance and Welfare of Parents and Senior Citizens Act, 2007)-ന്റെ പ്രധാന ലക്ഷ്യം മുതിർന്ന പൗരന്മാർക്കും മാതാപിതാക്കൾക്കും അവരുടെ മക്കളിൽ നിന്നും നിയമപരമായ പരിപാലനവും സാമ്പത്തിക സഹായവും ഉറപ്പാക്കുകയും അവരെ അവഗണനയിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്നതാണ്. നിയമ പ്രകാരം പരിപാലന ട്രൈബ്യൂണലുകളും അപ്പീൽ ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ഇവ മുഖേന പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

രാജ്യത്തെ ഏറ്റവും മികച്ച വയോജന സൗഹൃദ സമൂഹമാക്കി കേരളത്തെ മാറ്റാൻ ഉദ്ദേശിച്ചുകൊണ്ടാണ് വയോജനങ്ങൾക്കു വേണ്ടി ഇന്ത്യയിൽ തന്നെ ആദ്യമായി കേരളത്തിൽ വയോജന വകുപ്പ് രൂപീകരിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**